


# ലിറ്റിൽ കൈറ്റ്സ് 2018-19

# ഗവൺമെന്റ്

# ഹയർ സെക്കന്ററി സ്കൂൾ

# കല്ല്യോട്ട്



# വിടരുന്ന മൊട്ടുകൾ



# ഉള്ളടക്കം


ആമുഖം..........5
ഞങ്ങൾ 21 പേർ :..........6
പൂവ്..........8
താളുകൾ..........9
ഉത്തരമില്ലാതെ..........10
നാടോടികഥകൾ..........11
ഐതീഹ്യങ്ങൾ..........12
തെയ്യം..........13
അശരണർക്ക് ആശ്രയമായി ഊരുകൂട്ടം..........14
പിച്ചർ..........16
കല്ല്യോട്ടിൻെറ കാർഷികചിഹ്നങ്ങൾ..........17
നാടൻ കളികൾ..........18
നാടൻ പാട്ട്..........19
തൊഴിൽ..........19
ചക്ക..........20
ഞാറ്റുപാട്ട്..........21
അമ്മ..........22
എൻഡോസൾഫാൻ..........23
ചില കൃഷച്ചൊല്ലുകൾ..........25
നാട്ടുഭാഷ..........26
അനുകമ്പ..........29
പീലികണ്ണുകൾ..........30
കുഞ്ഞറിവുകൾ..........31
അറ്റ്ലാന്റിക്കിന് കുറുകെ..........31
അറ്റ്ലാൻറിക് മറികടന്ന വനിത..........31
ദക്ഷിണധ്രുവത്തിന് മേൽ..........32
ശബ്ദത്തേക്കാൾ വേഗത്തിൽ..........32
പസഫിക്കിന് കുറുകെ..........33
ലോകം ചുറ്റിയ ധീരൻ..........33
നാളം..........34

രാമായണക്കിളി പാടുന്നു......35
ഞങ്ങളുടെ നാട്ടിലെ......36
ചരിത്ര സ്മാരകം......36
നാട്ടിപ്പാട്ടുകൾ......37
നാമകരണത്തിന് അടിസ്ഥാനം......38
......38
കല്ല്യോട്ട്......38
മഴുവെടുത്തുമൂല......38
ഇരിയ......38
......39
കണ്ണോത്ത്......39

# അണിയറയിൽ

| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | ഗീത കെ പി (പ്രധാനാധ്യാപിക) |
| സ്റ്റാഫ് എഡിറ്റർ | : | ആശ എം വി (കൈറ്റ് മിസ്ട്രസ്സ്) |
| സ്റ്റുഡന്റ് എഡിറ്റർ | : | അശ്വിൻ പി എം (ലിറ്റിൽ കൈറ്റ് അംഗം) |

## പത്രാധിപ സമിതി അംഗങ്ങൾ

പി ടി എ പ്രസിഡണ്ട്

എസ് ആർ ജി കൺവീനർ

വിദ്യാരംഗം കൺവീനർ

സ്കൂൾ ലീഡർ

എസ് ഐ ടി സി

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

# ആമുഖം

സംസ്ഥാന വിദ്യാലയങ്ങൾ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ഹൈടെക് ആയി മാറുമ്പോൾ വിദ്യാർഥികളുടെ സാങ്കേതിക പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയും ഹൈടെക് സംവിധാനങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയും സാങ്കേതിക വൈദഗ്ധ്യമുള്ള ഒരു സംഘം കുട്ടികളെ വിദ്യാലയത്തിൽ സജ്ജരാക്കുന്നതിന് ആരംഭിച്ച " ഹായ് കുട്ടിക്കൂട്ടം " പദ്ധതി കൂടുതൽ പരിഷ്കരിച്ച് "ലിറ്റിൽ കൈറ്റ്സ് " എന്ന പേരിൽ കുട്ടികളുടെ ഒരു കൂട്ടായ്മയ്ക്ക് രൂപം നൽകി.

ഈ കുട്ടിക്കൂട്ടത്തിന്റെ ആദ്യ സംരംഭമായ മാഗസിന്റെ നിർമ്മാണത്തിലൂടെ മലയാളം ടൈപ്പിങ്ങിൽ ഈ കൂട്ടം കഴിവ് തെളിയിക്കുമെന്നത് സംശയമില്ലാത്ത കാര്യമാണ്. ഞങ്ങളുടെ കുഞ്ഞു ചിന്തയിൽ വിടർന്ന പൂക്കളെ നിങ്ങൾക്കായ് സമർപ്പിക്കുന്നു.

## ഞങ്ങൾ 21 പേർ :

| | |
|---|---|
| അശ്വിൻ പി എം | ദിൽന എൻ വി |
| ആദർശ് ടി | ശിവപ്രിയ കെ |
| സായി മോഹൻ | അഞ്ജന വി കെ |
| ആൽവിൻ ബേബി | നിത എസ് നായർ |
| അനന്തു എ എസ് | ദേവിക പി |
| മുഹമ്മദ് മുസ്തഫ | ശ്രുതിക പി |
| മുഹമ്മദ് ഇജാസ് | തീർത്ഥ കെ |
| നവീൻ രാജ് | |
| നിഖിൽ | |
| അക്ഷയ് പി വി | |
| അർജ്ജുൻ കെ | |
| വൈഷ്ണവ് കെ | |
| വിപിൻ കെ | |
| ഷൈൻ കെ റെജി | |

**ഇ മാഗസിന്റെ പ്രവർത്തനത്തിന് പിന്നിൽ പ്രത്യക്ഷമായും പരോക്ഷമായും പ്രവർത്തിച്ച എല്ലാ സുമനസ്സുകൾക്കും വേണ്ടി............**

# പൂവ്

നിൽക്കുന്ന കാമൊട്ടായിലത്തുഞാൻ
ഒത്തിരി പൂക്കളെ കണ്ടതാണ്.

മൊട്ട് വിരിഞ്ഞൊരു നേരത്തുഞാൻ

ഒത്തിരി സ്വപ്നങ്ങൾ നെയ്തതാണ്
മൊട്ടിന്നിതാളൊന്നുവന്നനേരം
ഞാനൊത്തിരി ആഴകൾ കോർത്തതാണ്

മൊട്ടൊരു പൂവായ നേരത്തുഞാൻ

നല്ലൊരു നാളയെ ഒർത്തതാണ്.
പൂവിന്നിതളുകൊഴിയും നേരം

ഞാൻ ഒരുതുള്ളി കണ്ണുനീർവാർത്തതാണ്
മണ്ണിലേക്കമരുന്ന നേരത്തു ഞാൻ സൂര്യനെ
നോക്കി ചിരിച്ചതാണ്

# താളുകൾ

താളുകൾ ഒന്നൊന്നായി മറയുന്നൊരീ

ജീവിത പുസ്തകം

വാക്കിലും വരയിലും പടരുന്നകണ്ണുനീർ

ഒരു വേളകൺപോളയടച്ചുധ്യാനവിക്കവേ

മിഴിനീർ കണങ്ങൾ വീണടയുന്ന വേളയിൽ

ഏതോ വിരൽ തുമ്പ് വന്നൊപ്പിയെടുക്കുന്നു.

ജീവിത കണ്ണീർ കടലിനോളങ്ങളെ

ഏതോ കാറ്റു വന്നു തലോടുമി

നരക ജീവിമെയിയുയും വ്രണങ്ങളെ

കാല ചക്രമുരളുന്നുപിന്നെയും

ജിവിത പുസ്തകതാളുകൾ മറയവേ

ഇക്കരെ ദുരിത ഇിവിതം

അക്കരെക്കണാം മരണത്തിൽ മരുപ്പച്ച

എങ്കിലും ജീവിതം തന്നെ ധന്യം

മൃതിയേക്കാൾ അനശ്വരം.

# ഉത്തരമില്ലാതെ

ആരാണ് പറഞ്ഞത്
അവൾ ഒരുഇരിപ്പിടമാണെന്ന്
കാട്ടു വേരുകൾ പടർന്നു കയറിയ
അവളുടെ മടിത്തട്ട്
ഇനി ആരെ കാക്കാനാണ്

വറ്റിത്തീരാറായ സിരകൾ
ആർക്കു വേണ്ടി രക്തമൊഴുക്കും
ഉണങ്ങിക്കരിഞ്ഞ കൊമ്പുകൾ
ഏത് കിളിയെ സംരക്ഷിക്കും

വെട്ടിമാറ്റപ്പെടാൻ ഒന്നുംബാക്കിയില്ല.
ഇത്ഏത് മരത്തിൽ

# നാടോടികഥകൾ

നാടോടികഥകളെ പൊതുവേ അനുഷ്ഠാനപരം,തൊ

ഴിൽപരം,വിനോദപരം എന്നിങ്ങനെ തരംതിരിച്ചിരി

ക്കുന്നു.ഇവയിൽ ആചാരാനുഷ്ഠാനങ്ങളോടനുബന്ധിച്ച

നടത്തപ്പെടുന്നവ അനുഷടാനകലകളെയും വിളവെടുപ്പ്

എന്നിവയായും നടത്തപെടുന്നു.

നാടോടികലകളുടെ കലവറയാണ് കേരളം.

തിറയാട്ടം,പൂരക്കളി,തിരുവാതിരക്കളി തുടങ്ങി അനേകം

കലകൾ ഇതിൽ ഉൾപ്പെടുന്നു.

# ഐതീഹ്യങ്ങൾ

പരമ്പരഗതമായി വാമൊഴിയിലൂടെ തലമുറകളിൽ നിന്നും തലമുറകളിലേക്ക് പകർന്നു കിട്ടിയിട്ടുള്ള

വസ്തുതകളിൽ അധിഷ്ഠിതമായ കഥകളാണ് ഐതീഹ്യങ്ങൾ

'ഇത' പ്രകാരം 'ഹ' പ്രസിദ്ധം എന്നർഥമുള്ള 2 ശബ്ദങ്ങളിൽ നിന്നാണ്

ഐതീഹ്യം,ഇതിഹാസം  എന്നീ പദങ്ങളുടെ  ഉൽപത്തി.

ഐതീഹ്യങ്ങൾ യഥാർത്ഥ  ചരിത്രങ്ങളായി  പരിഗണിക്ക പ്പെടാറില്ലെ

കിലും ചരിത്ര പരമായി വിലപ്പെട്ടവയാണ്.

# തെയ്യം

ഉത്തര കേരളത്തിൽ  വിശേഷിച്ചും കണ്ണൂർ ജില്ലയിൽ പ്രചാരത്തിലും ഒരു അനുഷ്ഠാന കലയാണ് തെയ്യം തെയ്യത്തിന്റെ കോലം കെട്ടിയാളെ ദൈവമായിട്ടാണ് കണക്കാക്കുന്നത്

വണ്ണാൻ,മലയാൻ,മാവിലൻ,വേലൻ,പുലയൻ തുടങ്ങിയ സമുദായക്കാരാണ് തെയ്യം കെട്ടിയാടുന്നത്.

# അശരണർക്ക് ആശ്രയമായി ഊരുകൂട്ടം

കല്ല്യോട്ട് സ്കൂളിൽഭൂരിഭാഗംപേരും വരുന്നത് സ്വന്തം വീട്ടിൽ നിന്നാണ്.മറ്റുള്ളവർ സ്വന്തം വീടെന്ന് അവർ കരുതുന്ന ഊരുകൂട്ടം പഠനമുറിയിൽ നിന്നാണ്.സാമ്പത്തികമായി പിന്നോക്കംനിൽക്കുന്നവർക്ക് താമസിച്ച് പഠിക്കാനുള്ള ഈ സൗകര്യം തുടങ്ങിയത് ദളിത് സർവ്വീസ് സൊസൈറ്റി എന്ന സംഘടനയാണ്.കൃത്യമായ ടൈംടേബിളോടുകൂടി പ്രവർക്കിക്കുന്ന ഈ സ്ഥാപനം പലർക്കും ഉപകാരപ്രദമാകുന്നു.ഒ.കെ പ്രഭാകരൻ എന്ന കുട്ടികളുടെ ഒ.കെ സാറാണ് ഹോസ്റ്റൽ നോക്കിനടത്തുന്നത്

.പഠനവും വിനോദവും ആരോഗ്യവും ഇവിടെ ശ്രദ്ധിക്കപ്പെടുന്നു. അകിരാവിലെ ഉണർന്ന് യോഗയോട ഉവിടുത്തെ കുട്ടികളുടെ

ഒരുദിനം ആരംഭികകുന്നു.പ്രാതമിക കൃത്യങ്ങൾക്ക് ശേഷം വായന എല്ലാ ദിവസങ്ങളിലും നിർബന്ധമാണ്.വിയനയ്ക്കുശേഷം

പ്രാതൽ കഴിച്ച് സ്കൂളിലേക്ക്.പിന്നീട് സ്കൂൾ വിട്ട് ഹോസ്റ്റലിലെത്തുന്ന അവർക്ക് പിന്നീട് കളിയുടെ നേരമിണ്.അകിനായി കളിയുപകരണങ്ങൾ അവിടെ തന്നെയുണ്ട്.തുടർന്ന്പഠന്ം.പഠനം കഴിഞ്ഞ് ഭക്ഷണം കഴിച്ച ഉറങ്ങുകയായി.സ്കൂളുള്ള ദിവസങ്ങളിൽ ഈ ടൈംടേബിൾ ആവർത്തിക്കും.എന്നാൽ ശനിയാഴ്ചകളിൽ പതിവിനു

വിപരീതമായി അവിടെ കലാപരമായ പരിപാടികളും ഉണ്ടാകാറുണ്ട്.പാട്ടും നൃത്തവും എല്ലാമായി അവിടം കലയുടെ സംഗമഭൂമിയായി മാറും.

ഇത്രയും മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുന്ന ഈ സ്ഥാപ
നത്തിലേക്ക് സഹായസഹകരണങ്ങളുമായി ഒരുപാട് പേർ
എത്താറുണ്ട്.ഇതിൽ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് കല്ല്യോട്ട്
രാജീവ്ജി ക്ലബബ്ബ് പ്രവർത്തകർ.കുട്ടികൾക്ക് പഠന സൗകര്യം
ഒരുക്കുവാനുംപഠനഉപകരണങ്ങൾ നൽകുവാനും അവർ  സഹാ
യിക്കാറുണ്ട് എന്ന് അവർ സാക്ഷ്യപ്പെടുത്തുന്നു.അതുപോലെ പെ
രിയ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിലെ എൻ.എസ്.എസ്
വിദ്യാർത്ഥികളും സഹായിച്ചിട്ടുണ്ട് എന്ന് അവർ പറയുന്നു.ഇവിടു
ത്തെ വിദ്യാർത്ഥികൾ പഠനരംഗത്തും കലാരംഗത്തും കായികരം
ഗത്തും മുന്നിട്ടുനിൽക്കുന്നു.കല്യോട്ട് സ്കൂളിൽ ഈയിടെ നടന്ന
കായികമേളയിൽ സമ്മാനങ്ങൾ വാരിക്കൂട്ടിയത് ഇവിടുത്തെ
കുട്ടികളാണ്.അതുപോലെ കലോത്സവങ്ങളിൽ നാടൻപാട്ട് പോലു
ള്ള മത്സരയിനങ്ങളിൽ അവർ സമ്മാനങ്ങൾ നേടാറുണ്ട്.താമസി
ക്കുന്ന ഇടം ശുചിയായി സൂക്ഷിക്കാനും അവർ മറക്കാറില്ല.ഇതിനു
വേണ്ടി ഞായറാഴ്ചകൾ അവർ ശുചീകരണത്തിനായി മാറ്റിവയ്ക്കു
ന്നു.അതുപോലെതന്നെ കുട്ടികൾക്ക് ഭക്ഷണമൊരുക്കുന്നത് അവ
റുടെ അമ്മമാരും ബന്ധുക്കളുമാണ്.അതിനാൽ സ്വന്തം വീട്ടിൽ നി
ന്ന് ലഭിക്കുന്നതുപോലുള്ള ഭക്ഷണവും സംരക്ഷണവും അവർക്ക്
ഹോസ്റ്റലിൽ നിന്ന് ലഭിക്കുന്നു.കുട്ടികൾ ചീത്ത കൂട്ടുകെട്ടുകളിൽ
പെടാതെ സംരക്ഷിക്കുവാനും നേർവഴിക്ക് നടത്താനും അവർ
ഏറെശ്രദ്ധാലുക്കളാണ്.

# പിച്ചർ

വാട്സാപ്പിൽ ഒരു പിച്ചർ
വീചിന്റെ അകം കാണാത്ത മകൾക്കുവേണ്ടി
നാട്ടുവിട്ടുപോയ മകനുവേണ്ടി
മദ്യം മണക്കുന്ന ഭർത്താവിനുവേണ്ടി
അണയാൻ പോകുന്ന ജ്വാലയെ
ഊതി ഊതി ഉയർത്തുന്ന ഒരമ്മ
എരിഞ്ഞ് പൊങ്ങുന്ന പുകയുടെ മറവിൽ
ആ സ്ത്രീ തേങ്ങുകയായിരുന്നു
ആ സ്ത്രീ ......
ആ സ്ത്രീ തന്റെ പെറ്റതള്ളയെന്നറിയുന്നില്ലല്ലോ.

*-പ്രിയ പപ്പൻ*

# കല്ല്യോട്ടിൻെറ കാർഷിക ചിഹ്നങ്ങൾ

ഒരുപാട് കർഷകരുടെ അനുഭവജ്ഞാനത്തിൻെറ പുന്നെല്ല് വീണ മണ്ണാണ് കല്ല്യോട്ട് ഗ്രാമത്തിലെ വയൽനിലങ്ങൾ. പൊക്കാളി മുതൽ കാർഷിക പാട്ടുകളിലും വിത്തുപാട്ടുകളിലും വരെ നിറച്ചു വച്ചിരുന്നത് കർഷജനതയുടെ ദൈനംദിന ജീവിതവൃത്താന്തങ്ങളാണ് കലപ്പയും നുകവും ഞേങ്ങലും കാലകളും വഴിമാറി
കൊടുത്തത് യന്ത്രങ്ങൾക്കാണ്.കാർഷിക സംസ്കാരത്തിൽ അപൂർവമായി ഇന്നും നടക്കുന്ന ഈ ചടങ്ങ് 'തലപ്പല്ലി' എന്നാണ് അറിയപ്പെടുന്നത്.

കൊയ്ത്തു നടക്കുമ്പോൾ അദ്ധ്വാനഭാരം
അറിയാതിരിക്കാൻ വേണ്ടിയാണ്

കൊയ്ത്തുകാർ നാട്ടിപ്പാട്ടുകൾ പാടാറുള്ളത്.ഈ നാട്ടിപ്പാട്ടുകളിൽ തച്ചോളി ഒതേനൻ അങ്കത്തിന് പോയ
കഥകളും അങ്കച്ചമയവും നാദാപുരത്തങ്ങാടിയിൽ ഉണ്ണിയാർച്ച തന്നെ അപമാനിക്കാൻ ശ്രമിച്ച ജോനക
പ്പടയെ ഉത്തരീയം കൊണ്ട് നേരിട്ട കഥകളും ഉണ്ട്.കല്ല്യോട്ടെയും കനിംകുണ്ടിലെയും ആദ്യകാലകർഷക
രിൽ ചിലരെങ്കിലും അതോർക്കുന്നു.കൊയ്തെടുത്ത കറ്റകൾ പിന്നീട് കളത്തിൽ വെച്ച് മെതിക്കുകയും ചെയ്യും.
കറ്റകൾ ധാരാളം ഉള്ളപ്പോൾ കാലികളെ കൊണ്ട് കറ്റകൾ മെതിക്കുന്നതിനെ 'ഒക്കൽ' എന്നാണ് അറിയപ്പെട്ടു
ന്നത്.ഒക്കൽ ഒരുകാലത്ത് കല്ല്യോട്ട് ഗ്രാമത്തിൽ കൊയ്ത്തുത്സവത്തിൻെറ ഭാഗം തന്നെയായി.അടുത്ത ഒരു വർഷത്തേക്കുള്ള ധാന്യങ്ങൾ ഒരുക്കിവെയ്ക്കുന്നത് കന്നികൊയ്ത്തിലാണെന്നതിലാണ് കന്നിമാസത്തിലെ കൊയ്ത്തിനെ ഉത്സവമായി കൊണ്ടാടിയിരുന്നത്...

# നാടൻ കളികൾ

പഴയകാലത്ത് വ്യത്യസ്ത രീതിയിലുള്ള കളികൾ കല്ല്യോട്ട് പ്രദേശങ്ങളിൽ നിലനിന്നിരുന്നു.കൃഷികഴിഞ്ഞ പാടങ്ങളിലും,തെങ്ങിൻതോപ്പുകളിലുമായിരുന്നു.പഴയകാലത്ത് കളികൾ നടന്നിരുന്നത്.

*കോട്ടക്കുത്ത്
*കുട്ടീംകോലും
*മൂലക്കളി
*കബഡി
*കൊത്തങ്കല്ല്
*കാടി
*കോലുകളി
*ഈച്ചക്കളി
*ഈർക്കിൽകളി
*ആറാമ്പള്ളി
*തുമ്പിഉറയ്ക്കൽ
*തലപ്പന്ത്

എന്നിയവയായിരുന്ന പഴയകാലത്തെ കളികളിൽ ചിലത്.

# നാടൻ പാട്ട്

 നാടൻ പാട്ടുകൾക്കു പ്രത്യേക സ്ഥാനം തന്നെ കല്ല്യോട്ട് പ്രദേശത്ത് ഒരു കാലത്ത് ഉണ്ടായിരുന്നു.കരുതലി
ൻെറ അഭാവത്തിൽ വിസ്മൃതമായിരിക്കുകയാണ് നാടോടികലകളും നാടൻ പാട്ടുകളും.നാട്ടിപ്പാട്ട്,കാലിപ്പാട്ട്
(കലിയാന്മാരുടെ പാട്ട്),പുള്ളുവൻ പാട്ട്,മംഗലം കളിപ്പാട്ട്,മലയൻ പാട്ട് തുടങ്ങിയവ ഒരു കാലത്ത് ഇവിടങ്ങളിൽ സജീവമായി നിലനിന്നിരുന്നു.

# തൊഴിൽ

കാർഷിക വൃത്തിയുമായി ജീവിച്ചിരുന്ന ജനവിഭാഗമായിരുന്നു ഒരു കാലത്ത് ഇവിടത്തെ ജനങ്ങൾ മുഴുവൻ.കൃഷിയാണ് മുഖ്യ തൊഴിൽ.കന്നുപൂട്ടലും കാലിമേയ്ക്കലും ആയിരുന്നു അനുബന്ധമായ തൊഴിൽ.പിന്നീട് കല്ലുവെട്ടൽ,കല്ലുകെട്ടൽ,കല്ലുചെത്ത് തുടങ്ങിയ ജോലികളിൽ വ്യാപൃതരാവുകയും കൽപ്പണിയിൽ അഗ്രഗണ്യരായി തീരുകയും ചെയ്തു.കല്ലുവെട്ടും കൽപ്പണിയും കൂടാതെ കാടിനെ ആശ്രയിച്ചുള്ള ജോലികൾ പഴയകാലത്ത് ഈ *പ്രദേശത്ത് ധാരാളമായി ചെയ്തിരുന്നതായി പഴമക്കാർ ഓർക്കുന്നു...*

# ചക്ക

മുള്ളുണ്ട് കണ്ടാൽ മുരിക്കല്ല

വാലുണ്ടു കണ്ടാൽ കുരങ്ങല്ല

വാലുണ്ടു കണ്ടാൽ പശുവല്ല

പഴമുണ്ടു തിന്നാൻ രസമുണ്ട്

# ഞാറ്റുപാട്ട്

പുന്നാരപാട്ടൊന്ന് പാടാമോ?

അക്കണ്ടം നട്ടുഞാൻ ഇക്കണ്ടം നട്ടുഞാൻ

മേഘക്കണ്ടത്തിൽ ഞാറു നട്ടു

ഞാറുകുത്തി കേറി വരുമ്പോൾ

എന്നാലും തമ്പ്രാന് തീണ്ടലാണ്

നെല്ലായ നെല്ലൊല്ലാം കൊയ്തു മെനിച്ചു

അറിയിലുടുമ്പോൾ തീണ്ടലില്ല

അറകൾ നിറച്ചു പത്തായം നിറച്ചു

ഇറങ്ങി വരുമ്പോൾ നീണ്ടലില്ല

പൊന്മണി വാരി അറ നിറച്ചാലും

കേറിയിറങ്ങിയാൽ നീണ്ടലില്ല

കെയാത്തുകാലം കഴിഞ്ഞാൽ പടിപ്പുര

കേറയാൽ തമ്പ്രാനു നീണ്ടലാണ്

പുഞ്ച്ചപ്പാടത്തെ പുങ്കുയിലെ-ഹെയാ

പുന്നാരപ്പെട്ടൊന്നു പാടമോ?

# അമ്മ

അമ്മയെനിക്കിന്നൊരോർമ്മയായി
ഓർമ്മകൾ എന്നുള്ളിൽ തേങ്ങലായി
ഇടനെഞ്ചിലൊഴുകുന്ന നോവിന്റെ
പാലാഴി കാച്ചിക്കുറുക്കി,മുലചുരത്തി
അമ്മ കാച്ചിക്കുറുക്കി,മുലചുരത്തി

കാറുള്ളകോളുള്ളരാത്രിയിലെപ്പോഴും
മാറിന്റെ ചൂട് പകർന്നു തന്നു
അമ്മ മാറിന്റെ ചൂട് പകർന്നു തന്നു
ഈണത്തിൽ പാടുന്ന താരാട്ടുപാട്ടിന്റെ
ഈരടികേട്ടുമയങ്ങുമല്ലോ ഞാൻ
ഈരടികേട്ടുമയങ്ങുമല്ലോ?..

ഉപ്പിട്ടകഞ്ഞിയുടെ വെള്ളംകുടിച്ചമ്മ
വറ്റന്നെയൂട്ടിവളർത്തിയല്ലോ?
വറ്റന്നെയൂട്ടിവളർത്തിയല്ലോ?
ഒരുവശം കീറീയപുൽപ്പായതന്നിൽ
കീറീയിടത്തിൽ കിടന്നുവമ്മ.
കീറാത്തിടത്തിൽ എന്നെക്കിടത്തി
ഒരു പാട് കഥകളെൻ കാതിലോതി.
അമ്മ എനിക്കിന്നൊരോർമ്മയായി
ഓർമ്മകൾ എന്നുള്ളിൽ തേങ്ങലായി.

# എൻഡോസൾഫാൻ

കനൽകത്തിയെരിയുന്ന കണ്ണുമായെത്തി നീ.
അലറിച്ചിരിച്ചും താണ്ഡവം തുള്ളിയും
വിഷമഴ വർഷിച്ചവന്റെമണ്ണിൽ.
വിഷമഴ വർഷിച്ചവന്റെ മണ്ണിൽ.

ഒരു വിഷപ്പേമാരി കൊണ്ടെന്റെ നെഞ്ചിലെ
സ്വപ്നങ്ങൾ ഊതിക്കെടുത്തി നീ.
ദു:ഖാന്തകാരത്തിൻ ആഴപ്പരപ്പിൽ
കൈത്തിരി തിരിയുന്നി മണ്ണിന്റെ മക്കൾ.

നഷ്ടസ്വപ്നത്തിന്റെ ചാരം പറക്കുന്ന
തീക്കനൽ കട്ടയിൽ ജീവിതം കടലാസു-
ചിതയായ് എരിഞ്ഞടങ്ങുമ്പോൾ
ഒരു സ്വാന്തനത്തിന്റെ കുളിർകാറ്റു-
വീശുവാനാകുമോ നിങ്ങൾക്കിന്നധികാരവർഗ്ഗമേ?

ആവില്ലൊരിക്കലുമീ അധികാര
പീഠത്തിലാരിരുന്നാലുമിനി
ആവില്ലൊരിക്കലും

അമ്മേയെന്ന് വിളിക്കുവാനാകാതെ
അമ്മിഞ്ഞയെന്ന് പറയുവാനാകാതെ
മണ്ണിലിഴയിന്ന മക്കളെ കാണുമ്പോൾ
വിധിയെപ്പഴിച്ച് കരയല്ലെ നിങ്ങൾ
വിധിയല്ലിതവർ വിതച്ചവിഷവിത്ത്

ഗതർഭസ്ഥശിശുവിനെപ്പോലും വിഷനാക്കി
കൊണ്ട് നക്കിതുടയ്ക്കുന്നവനുള്ള സത്യം
അറിഞ്ഞീടുക നിങ്ങൾ

അഗ്നിച്ചിറകുള്ള പക്ഷിയായി വന്നു നീ
പാറിപ്പടർന്നു പടർത്തിയ
ചെന്തിയിൽ ചാമ്പലായ്
മണിവേണുവൂതുന്ന
മധുരസ്വപ്നം ഉദരത്തിൽ
തുടിച്ചൊരാജന്മ സ്വപ്നം

കരൾ നൊന്തുകരയുന്ന മാതാപിതാക്കളെ
കണ്ണീർ തുടയ്ക്കുവാനാരുമില്ലേ?
അന്ത:രംഗത്തിലെ നീറും
മുറിപ്പാടിനൗഷധം പകരുവാനാരുമില്ലേ?

# ചില കൃഷച്ചൊല്ലുകൾ

.വിത്തുഗുണം പത്തുഗുണം .
സമ്പത്തുകാലത്ത് തൈപത്തുവച്ചാൽ ആപത്തു കാലത്ത് കാപത്തു .
.തിന്നാ
.നിലമറിഞ്ഞ് വിത്തുവിതയ്ക്കണം .
.വിത്താഴം ചെന്നാൽ പത്തായം നിറയും .
.നല്ല തെങ്ങിന് നാൽപത് മടല് .
.ഉടമയുടെ ദൃഷ്ടി ഒന്നാതരം വളം .
.മൂലത്തിൽ വിത്തിട്ടാൽ മൂച്ചൂട്ടും മുടിയും .
.കണ്ണൻ വാഴച്ചുവട്ടിൽ കൗളിവാഴയുണ്ടാകുമേ .
.ഒക്കത്തു വിത്തുണ്ടെങ്കിൽ തക്കത്തിൽ കൃഷി ചെയ്യാം .
കള പറിച്ചാൽ കളം നിറയും .
.നെല്ലറ പൊന്നറ .

# നാട്ടുഭാഷ

## ആമുഖം

മലയാളഭാഷയുടെ വേറിട്ട ശൈലി കൊണ്ട് കേരളത്തിലെ വ്യത്യസ്ത ജില്ലകളുടെ സംസാര രീതികളിൽനിന്ന് കാസർഗോഡ് ജില്ല വ്യത്യസ്തത പുലർത്തുന്നു കേരളത്തിനകത്തും പുറത്തും എവിടെയായാലും കാസർഗോഡ് കാരൻ വ്യത്യസ്തനാക്കുന്നത് അവയുടെ ഭാഷ പ്രയോഗം തന്നെ കാസർഗോഡ് ജില്ലയിലെ പുല്ലൂർ-പെരിയ പഞ്ചായത്തിലെ ഗ്രാമപ്രദേശമാണ് കല്യോട്ട് ഗ്രാമീണജനതയുടെ നിഷ്കളങ്കതയും കാർഷിക സംസ്കാരത്തിന് അടയാളവും ഉള്ള നാട്ടു ഭാഷയാണ് കല്ല്യോട്ട് പരിസരപ്രദേശങ്ങളിലും സാധാരണജനങ്ങൾ സംസാരിക്കാൻ ഉപയോഗിക്കുന്നത്.

കുറ്റ്-ഒച്ച

കയ്യാണ്ട് - കഴിയാതെ

കവ്വാൻ- കഴുകാൻ

കയീല - കഴിയില്ല

കെടുക്ക് - അണയ്ക്ക്

കോയി - കോഴി

കരക്ക- തൊഴുത്ത്

കുഞ്ഞി - കുട്ടി

കുര്യ- കൂട്ട

കുളുത്ത് - പഴം കഞ്ഞി

കുറച്ചീസം - കുറച്ച് ദിവസം

കൊല- കുല

നേമം- നിയമം

പറ്റെ- മുഴുവൻ

പയ്യ്- പശു

നെറം - നിറം

നെഴല് - നിഴല്

കേറ്റം - കയറ്റം

നിരീകൽ - ഓർമ്മിക്കൽ

കേങ്ങ്-കിഴങ്ങ്

കിണ്ണം - പാത്രം

പാങ്ങ് - ഭംഗി

പിഞ്ഞാണം - പാത്രം

പച്ചാളം - പച്ച വെള്ളം

പൊയ്യ - പൂഴി

പെറ്റു - പ്രസവിച്ചു

തണാറ് - മുടി

മാച്ചി -ചൂല്

മർക്കം - ഉഷ്ണം

തോര-തുവര

ബയത - ശീലം

ബാ- വരിക

ബാൽ - വാൽ

ബെറ് - വെറുക്

തമിശ്യം - സംശയം

തീ മൂട്ടുക - തീ കത്തിക്കുക

ബെണ്ണ - വെറുതെ

ബായ്ക്ക് - വായിക്കുക

ബെരല് -വിരൽ

ബാർ പിണി-ചീർപ്പ്

ബെളിച്ചങ്ങ – മച്ചിങ്ങ

അയിന് - അതിന്

അലമ്പ്-ശല്യം

അബിജാൽ - അവലക്ഷണം

അങ്കര - ശല്യം

അയക്കുടി- അയൽവാസി

അങ്ങിട്ട് - അടുത്ത വീട്

ആദ്യേ പുത്യേ - ആദ്യം മുതലേ

ആയം- ആഴം

ഈട - ഇവിടെ

ഈട്ന്ന് - ഇവിടുന്ന്

എൻക്ക് -എനിക്ക്

എളക്ക് - ഇളക്കുക

ഓള് - അവൾ

ഓൻ അവൻ

ഒലക്ക – ഉലക്ക

# അനുകമ്പ

ഒരു പീഡയെറുമ്പിനും വരു-

ത്തരുതെന്നുള്ളനുകമ്പയും സദാ

കരുണാകര !നല്കുകുള്ളിൽ നിൻ

തിരുമെയ് വിട്ടകലാതെ ചിന്തയും

അരുളാൽ വരുമിമ്പൽപക -

ന്നൊരു നെഞ്ചാൽ വരുമല്ലല്ലൊക്കെയും

അരുളാൽ പിന്നെ മാറ്റുമല്ലലിൻ

കരുവാകും കരുവാമി തേതിനും

അരുളൻനനുകമ്പ മൂന്നിനും

പൊരുളൊന്നാണിതു ജീവതാരകം

അതുള്ളവനാണു ജീവിയെ-

ന്നുരുവിടുകയീ നവാക്ഷരി

അരുളില്ലാതെയെങ്കി ലസ്ഥിതോൻ

സിര നാറുന്നൊരുമ്പുതാനവവൻ

വരുവിൽ പ്രവഹിമാബുവ -

പുരുഷൻ നിഷ്ഫലഗന്ധ പുഷ്പമാം

# പീലികണ്ണുകൾ

ഗോകുലനാഥനായ് നിന്നൊരു നന്ദനോ -
ടാകുലനാകാതെ ചെന്നാൽ പിന്നെ
"നമ്മുടെ  ദേശത്തു പോവതിനായിട്ടു
ചെമ്മേ തുടങ്ങണം താതനിപ്പോൾ
യാദവന്മാർക്കെല്ലാം മോദത്തെനൽകിനി-
നാദരവോടു തഴപ്പിച്ചൂടൻ
അമ്മയെ കാണ്മാനായി ഞാനും വരുന്നതു -
ണ്ടണ്മതിച്ചൊന്നതു തേറിനാലും
അച്ഛനുമമ്മയും മാറ്റിവനുണ്ടല്ലോ
ഇച്ഛയിൽ നൽകുവാനെന്നു തണ്ണി
ദീർഘമായുള്ളൊരു കാലമിങ്ങനെ
പാർക്കുമിങ്ങെന്നുള്ള തോർക്ക വേണ്ട
അച്ഛനായുള്ളതു നീയൊഴിച്ചില്ലെനി
ക്കച്യുതൻ തന്നുടെ പാദത്താണ
പിള്ളേരേ നുള്ളി നാനെന്നങ്ങു ചൊല്ലിട്ടു
പീലി കൊണ്ടെന്നെയടിച്ചമ്മ
കേണുകൊണ്ടന്നു വഴക്കായിപ്പോയി "

# കുഞ്ഞറിവുകൾ

## അറ്റ്ലാന്റിക്കിന് കുറുകെ

അമേരിക്കക്കാരനായ ചാൾസ് ലിൻസ് ബർഗ് സാഹസികനായ ഒരു വൈമാനികൻ ആയിരുന്നു.1927 മേയ് 20-ന് അദ്ദേഹം ന്യൂ യോർക്കിലെ ലോങ്ങ് അയർലൻഡിൽ നിന്ന് ഒരു മുട്ടിയാൻ വിമാനത്തിൽ പറന്നുയർന്നു അടുത്ത ദിവസം അദ്ദേഹം പാരീസിൽ ഇറങ്ങി 34 മണിക്കൂർ കൊണ്ട് ചാൾസ് ലിൻഡ് ബർഗ് അത്ലാന്റിക്ക് സമുദ്രം മറികടന്ന ആദ്യ മനുഷ്യനായി.

## അറ്റ്ലാൻറിക് മറികടന്ന വനിത

1932 മെയ് 21 ന് അമേലിയ ഇയർ ഹാർട്ട് എന്ന അമേരിക്കക്കാരി വ്യോമയാന ചരിത്രത്തിലെ പുതിയൊരു നേട്ടം സൃഷ്ടിച്ചു ആദ്യമായി ഒറ്റയ്ക്ക് അറ്റ്ലാൻറിക് മറികടന്ന വനിത എന്ന ബഹുമതി അമേലിയ സ്വന്തമാക്കി നാല് മണിക്കൂർ നീണ്ട ആകാശ യാത്രയ്ക്കൊടുവിൽ അവൻ കാനഡയിൽ നിന്ന് അയർലൻഡിൽ എത്തി.

## ദക്ഷിണധ്രുവത്തിന് മേൽ

അമേരിക്കക്കാരനായ റിച്ചാർഡ് ബേർഡ് 1920 നവംബർ 29 ന് ദക്ഷിണധ്രുവത്തിന് മേൽ വിമാനത്തിൽ പറന്ന 19 മണിക്കൂറിനകം ദക്ഷിണ ധ്രുവം ചുറ്റിയ ആദ്യ ആകാശ സഞ്ചാരിയായി

## ശബ്ദത്തേക്കാൾ വേഗത്തിൽ

അമേരിക്കകാരനായ ചക്കസ് ചക് യിഗർ 1974 ഒക്ടോബർ 14 ശബ്ദത്തേക്കാൾ വേഗത്തിൽ പറന്ന അമേരിക്കയിലെ കാലിഫോർണിയയിൽ നടന്ന പരീക്ഷണ പറക്കൽ അദ്ദേഹം സൂപ്പർ സോണിക് വിമാനം മണിക്കൂറിൽ 1078 കിലോമീറ്റർ വേഗത്തിൽ പറന്നു.

## പസഫിക്കിന് കുറുകെ

1928 മെയ് 31 ന് സാത്തേൺ ക്രോസ് എന്ന വിമാനത്തിലൊരു സംഘം അമേരിക്കൻ സാഹസിക സഞ്ചാരികൾ കാലിഫോർണിയയിൽ നിന്ന് പറന്നുയർന്നു ജൂൺ 9 ന് അവർ ഓസ്ട്രേലിയയിലെ ബ്രിഡ് ബ്രേനിൽ ഇറങ്ങി അങ്ങനെ മനുഷ്യൻ ആദ്യമായി പസഫിക് സമുദ്രത്തിന് കുറുകേ വിമാനം പറത്തി

## ലോകം ചുറ്റിയ ധീരൻ

അമേരിക്കക്കാരനായ വില്ലി പോസ്റ്റ് ആണ് വിമാനത്തിൽ ലോകം ചുറ്റിയ ആദ്യ വ്യക്തി 1933 ജൂലൈ 15 മുതൽ 22 വരെ അദ്ദേഹം 25089 കിലോമീറ്റർ പറന്നു. ന്യൂയോർക്കിൽ നിന്ന് പറന്നുയർന്ന വില്ലി ഭൂമിയെ വലംവെച്ച് പുറപ്പെട്ട അതേ സ്ഥാനത്ത് തിരിച്ചെത്തി

# നാളം

പ്രപഞ്ചത്തിലെങ്ങും
വിളങ്ങും പ്രകാശം
മഹാകാവ്യസന്ദേശ
വിദ്യുത് പ്രവാഹം
ചിദാനന്ദ വേഗം
മനോവാക് സരിത്തിൽ
മഹാകാവ്യ മാരോ
കുറിക്കുന്നതാവാം
പ്രഭാതത്തിലെത്തുന്നൊരെ -
രർക്ക പ്രകാശം
ഇല ചാർത്തി ലെല്ലാം
പകർത്തുന്നു നിത്യം
നിരാലംബ നീ ഞാൻ
നിതാന്തം ,അതിൽ നി
ന്നെടുക്കുന്നു ,വാക്കിൽ
കൊളുത്തുന്നു വെട്ടം
കനക്കുന്നൊരി
രുളിരുൾപ്പാത നി ളും
കലളിക്കോപ്പണിഞ്ഞാടുമീ
കാലമൊന്നിൽ
കനൽ ചൂട്ടുകെട്ടി -
തെളിക്കുന്നു ചുറ്റും .
ഇരുൾക്കോട്ടയെല്ലാം
പിളർക്കും വരേക്കും

# രാമായണക്കിളി പാടുന്നു

ദുഃഖമാം മാതാവിൻ പുത്രനാം ഞാൻ
ദുഃഖിച്ചിരിക്കുന്ന വാല്മീകത്തിൽദുഃഖങ്ങൾ കൊണ്ടും മടുത്തു ജന്മംദുഃഖം
ഇരുളുന്ന മനസ്സുകൾ താഴ്വരകൾ ഇരുട്ടിൽ പതിക്കുമ്പോൾ
എരിയുന്നമനസ്സുകൾ ഇനിയെന്തു തീരുമീ ദുഃഖംഓർമ്മതൻ ചെപ്പിൽ
സ്വപ്നങ്ങളില്ല ഓർക്കാൻ
ഇത്തിരി മോഹങ്ങൾ ഇല്ല ഓമനക്കുഞ്ഞ്എന്തിനാണ് എന്ന് എന്നെ
ഓർമ്മ തൻ ചെപ്പുകൾപേടിപ്പെടുത്തുന്ന രാവിൽ ഉദിച്ച
ഒരുചന്ദ്രനെപ്പോലെ രാവും പകലും തേടുന്നു
പക്ഷികൾ എവിടെ
രാമായണ കിളികൾ പാടുമ്പോൾ
താനെ ഉറങ്ങുന്ന ഞാനും താരാട്ടു
ഒടുവിൽ എനിക്കാരുമില്ല
സ്വാന്തനമേകുവാൻ എനിക്കാരുമില്ല
താമര കിളികൾതൻ പാട്ടുകേട്ടു
താനെ ഉറങ്ങുന്ന ഞാനും

# ഞങ്ങളുടെ നാട്ടിലെ

# ചരിത്ര സ്മാരകം

## ഇരിയ ബംഗ്ലാവ്

ഇരിയ:ബ്രിട്ടീഷുകാരുടെ ഭരണകാലത്ത്കാഞ്ഞങ്ങാട്ടുനിന്നും പാണത്തൂർ മൈസൂർ തുടങ്ങിയ കിളക്കൻ പ്രദേശങ്ങളിലേക്ക് ട്ടൂറിസ്റ്റ് ബംഗ്ലാവായി ബ്രിട്ടീഷ്പട്ടാളക്കാരും ഉദ്യോഗസ്ഥരും താമസിക്കുന്ന ഒരു ബംഗ്ലാവായിരുന്നു ഇരിയ ബംഗ്ലാവ്.കുതിരാലയം എന്നും ഇത് അറിയപ്പെട്ടിരുന്നു.

# നാട്ടിപ്പാട്ടുകൾ

തച്ചോളിയുദേനാ കുഞ്ഞുഉദേനൻ
കതിരോൻ കണിക്കണ്ടണേക്ക ഉദേനൻ
കൊട്ടക്കാൽ  ചെന്നുനിന്നു.
കൊട്ടയ്യ്ക്കൊരു കൊട്ട വെള്ളമെടുത്തു.
കാലും,മുഖവും കഴുകിയുദേനൻ
കതിരോനെ വെള്ളം ബ്ലായി ഉദേനൻ
പടിഞ്ഞാറ്റകത്ത് ചെന്നുനിന്നു.
ഭസ്മ കൊട്ടെന്ന്  ഭസ്മമെടുത്തു.
വടക്കേ കണ്ടത്തിൽ കടി കെട്ടി
മറ്റെക്കണ്ടത്തിൽ വെള്ളമിളക്കി
താഴെ കണ്ടത്തിൽ വെള്ളം കൂട്ടി.

# നാമകരണത്തിന് അടിസ്ഥാനം

## കല്ല്യോട്ട്

കല്ലുകൾ, പാറകൾ എന്നിവ കൂടുതലുള്ള സ്ഥലമായത് കൊണ്ടാണ് കല്ല്യോട്ട് എന്ന പേര് വരാൻ കാരണം ,കല്ല്യോടൻമാർ താമസിക്കുന്ന സ്ഥലമായത് കൊണ്ടും കല്ല്യോട്ട് എന്ന് പേര് ലഭിച്ചുവെന്ന് ചിലർ അഭിപ്രായപ്പെടുന്നു.

## മഴുവെടുത്തുമൂല

സത്യം തെളിയിക്കാൻ വേണ്ടി രണ്ട് വിഭാഗക്കാർ പഴുപ്പിച്ച മഴുവെടുത്ത് സത്യം തെളിയിച്ച ദിക്കാണ് മഴുവെടുത്തുമൂല.

## ഇരിയ

ഇരുവയലിൽ(കർണാടക)എന്ന സ്ഥലത്ത് നിന്ന് തന്ത്രികുടുംബം താമസിക്കുന്ന സ്ഥലം ഇരുവയൽ ലോപിച്ച് ഇരിവലും അത് ലോപിച്ച് ഇരിയയുമായി മാറി.

## കണ്ണോത്ത്

തൃക്കരിപ്പൂരിൽ കണ്ണമംഗലം എന്ന സ്ഥലത്തേക്ക് പെരുങ്കളിയാട്ടത്തിന് പ്രധാന ഭഗവതിയുടെ തിരുമുടിക്കുള്ള കവുങ്ങ് കണ്ണോത്ത് തറ എന്ന പേരുള്ള പ്രസ്തുത കഴകത്തിന്റെ പേരാണ്.അതുകൊണ്ട് കവുങ്ങ് മുറിക്കുന്ന ഇടം കണ്ണോത്ത് എന്നറിയപ്പെട്ടു.